(ബി) തുടർന്നുള്ള രണ്ടാംഘട്ട പദ്ധതിയുടെ വിശദാംശങ്ങളും ഇതെന്ന് പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) കൊച്ചി മെട്രോ പോലെ നഗര ഹൃദയങ്ങളിൽ നടപ്പാക്കുന്ന റെയിൽ ഗതാഗത പദ്ധതികൾ സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടം 2017 ജൂണിൽ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ആലുവ മുതൽ പേട്ട വരെ 25.6 കി.മീ. ആണ് ഇതിന്റെ ദൂരം. ആലുവ, പുളിഞ്ചോട് കമ്പനിപ്പടി, അമ്പാട്ടുകാവ്, മുട്ടം, കളമശ്ശേരി, കൊച്ചിൻ യൂണിവേഴ്സിറ്റി, പത്തടിപ്പാലം, ഇടപ്പള്ളി, ചങ്ങമ്പുഴ പാർക്ക്, പാലാരിവട്ടം, ജെ.എൽ.എൻ. സ്റ്റേഡിയം, കലൂർ, ലിസ്സി ജംഗ്ഷൻ, എം.ജി. റോഡ്, മഹാരാജാസ് കോളേജ്, എറണാകുളം സൗത്ത്, കടവന്ത്ര, എളംകുളം, വൈറ്റില, തൈക്കുടം, പേട്ട എന്നിവയാണ് ആദ്യ ഘട്ടത്തിലെ സ്റ്റേഷനുകൾ. 5181.79 കോടി രൂപയാണ് ഇതിന് പ്രതീക്ഷിക്കുന്ന ചെലവ്.

(ബി) കൊച്ചി മെട്രോയുടെ വിപുലീകരണത്തിന്റെ ഭാഗമായി ഇപ്പോഴത്തെ അവസാന സ്റ്റേഷനായ പേട്ട മുതൽ തൊട്ടടുത്ത പ്രധാന ടൗൺഷിപ്പായ തൃപ്പൂണിത്തുറ വരെ നീട്ടുന്നതിനായുള്ള കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ.)-ന്റെ പദ്ധതി രൂപരേഖ സംസ്ഥാന സർക്കാർ അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 2 കി.മീ. ദൂരത്തിൽ രണ്ട് സ്റ്റേഷനുകൾ ആണ് ഇതിൽ വിഭാവന ചെയ്യുന്നത്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം മൂന്നര വർഷംകൊണ്ട് ഉദ്ദേശം 359 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതി പൂർത്തിയാക്കാനാണ് രണ്ടാം ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്.

(സി) കൊച്ചി മെട്രോയ്ക്ക് സമാനമായ മറ്റ് പദ്ധതികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

കൊരട്ടി റെയിൽവെ സ്റ്റേഷനെ ഫ്ലാഗ് സ്റ്റേഷനാക്കി ഉയർത്തുന്നതിന് നടപടി

62 (4053) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദർശ് സ്റ്റേഷനായി പ്രഖ്യാപിച്ചിട്ടുള്ള ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ ആഴ്ചയിൽ 3 ദിവസം ഡിവൈൻ നഗർ സ്റ്റേഷനിൽ സ്റ്റോപ്പുള്ള കർള എക്സ്പ്രസ്സിന് (No. 16346, 16345) തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം എന്നീ നാലു

LIBRARY ARCHIVES Kerala Legislative Assembly

ദിവസങ്ങളിൽ കൂടി സ്റ്റോപ്പ് അനുവദിക്കുന്നതിനും കൊച്ചുവേളി-ബാംഗ്ലൂർ പ്രതിദിന ട്രെയിനിനും (16316), ആലപ്പുഴ-ധൻബാദ് ട്രെയിനിനും (13352) സ്റ്റോപ്പ് അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി സർക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനത്തിന് എന്തെങ്കിലും മേൽനടപടികളോ മറുപടികളോ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഹോൾട്ട് സ്റ്റേഷനായ കൊരട്ടി റെയിൽവേ സ്റ്റേഷനെ ഫ്ലാഗ് സ്റ്റേഷനാക്കി ഉയർത്തുന്നതിനും കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇക്കാര്യം റെയിൽവേയോട് ആവശ്യപ്പെടാവുന്നതാണ്.

റെയിൽവെ അടിസ്ഥാന സൗകര്യ വികസനം

63 (4054) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ശിവൻകുട്ടി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവെയുടെ അധീനതയിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ അധികാരികൾ കാണിക്കുന്ന അലസത യാത്രാസൗകര്യങ്ങൾ ഒരുക്കുന്നതിന് വിഘാതമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) നേമത്ത് ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് പ്രഖ്യാപിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നേമത്ത് ഉള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ കാണിക്കുന്ന ഉദാസീനത മൂലം തിരുവനന്തപുരം റെയിൽവെ സ്റ്റേഷൻ നേരിടുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് തീവണ്ടികളുടെ യാത്രാക്രമീകരണങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാനവുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം നടത്താറുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly